# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1985/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1985/2023 തീയ്യതി: 26/12/2023

## കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-02-2023 മുതൽ 14-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയരക്ടർ | 15-12-2023 | 22-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2023 | 22-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ.ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,(16-12-2023 തീയതി മുതൽ)
ശ്രീമതി.ധന്യ.എം.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.പ്രമോദ്.കെ , ഓഡിറ്റർ,
ശ്രീ.ശ്രീനാഥ്.വി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.എം. ഉണ്ണിക്കൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.മഞ്ജുഷ.പി.വി.കെ | സെക്രട്ടറി | 01-04-2022 | 19-01-2023 |
| ശ്രീ.അനിൽകുമാർ പാടാച്ചേരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ് എം .കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| നിഷ ജി | കൃഷി ഓഫീസർ | 01-04-2022 | 03-08-2022 |
| സുഷ ബി | കൃഷി ഓഫീസർ | 04-08-2022 | 11-08-2022 |
| അജയകുമാർ കെ.എൻ | കൃഷി ഓഫീസർ | 12-08-2022 | 31-03-2023 |
| വിവേക് ഭാസ്കർ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പെരിങ്ങോം സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ സർക്കിൾസർക്കിൾ | 01-04-2022 | 18-07-2022 |
| ശ്രീമതി.സിന്ധു.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽസർക്കിൾ | 19-07-2022 | 23-07-2022 |
| ശ്രീ.മുസ്തഫ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ സർക്കിൾ | 24-07-2022 | 22-10-2022 |
| ശ്രീ.ദയാനന്ദ്.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽസർക്കിൾ | 23-10-2022 | 18-11-2022 |
| ശ്രീ.വിവേക് ഭാസ്കരൻ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ സർക്കിൾ | 19-11-2022 | 30-11-2022 |
| ശ്രീ.രായപ്പൻ സ്റ്റാൻലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ സർക്കിൾ | 01-12-2022 | 08-01-2023 |

| | | | |
|---|---|---|---|
| ശ്രീ.ദയാനന്ദ്.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ സർക്കിൾ | 09-01-2023 | 31-03-2023 |
| ശ്രീ.ഐ.സി.ശ്രീകുമാർ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലീന.കെ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.മഞ്ജുഷ.എൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ പാടാച്ചേരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രീതി.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മിനി നാരായണൻ.പി.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.എം.എൻ.അനിത | സൂപ്രണ്ട്,താലൂക്ക് ആശുപത്രി,പെരിങ്ങോം | 01-04-2022 | 30-11-2022 |
| ഡോ.സുനിത നന്ദൻ | സൂപ്രണ്ട്,താലൂക്ക് ആശുപത്രി,പെരിങ്ങോം | 01-12-2022 | 31-03-2023 |
| ഡോ.ജോസഫ്.പി.എം | വെറ്ററിനറി സർജ്ജൻ | 01-04-2022 | 30-11-2022 |
| ഡോ.അജിഷ റോബിൻസ് | വെറ്ററിനറി സർജ്ജൻ | 01-12-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല . | 1-1-2 |
| 4 | ദുരിതാശ്വാസ നിധി-പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തി വിവരങ്ങൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-5 |
| 7 | സ്ഥിരനിക്ഷേപ നീക്കിയിരിപ്പ് വിവരം പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ധനകാര്യ കമ്മീഷൻ അവാർഡ് ചെലവ് തുക-പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 14 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ | 1-6-1 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-7-1 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ഗ്രാമസഭ | 1-11 |
| 21 | കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 22 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുന്നില്ല. സാങ്കേതിക പിഴവ് ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. | 1-13 |
| 23 | 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ/കെട്ടിടങ്ങളെ | 1-14 |

| | | |
|---|---|---|
| | വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി. | |
| 24 | അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. | 1-15 |
| 25 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-16 |
| 26 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-17 |
| 27 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ. | 1-18 |
| 28 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ | 1-19 |
| 29 | സഞ്ചയ പ്രകാരമുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളും ട്രേഡേർസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-20 |
| 30 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. | 1-21 |
| 31 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യത്യാസം -നികുതി വരുമാന ചോർച്ചക്ക് സാധ്യത | 1-22 |
| 32 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകങ്ങൾ | 1-23 |
| 33 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി അവലോകനം | 1-24 |
| 34 | ഘടക സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയത്-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹178000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 35 | ഗ്രാമപഞ്ചായത്തിലേക്ക് ആവശ്യമായ ഫോമുകളും രജിസ്റ്ററുകളും വാങ്ങിക്കുന്നതിനായി ഗ്രാമലക്ഷ്മി മുദ്രാലയത്തിന് അഡ്വാൻസ് നൽകി-രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക 181626 തടസ്സപ്പെടുത്തന്നു. | 1-26 |
| 36 | അസാധാരണ ചെലവ്-നടപടിക്രമങ്ങൾ പാലിക്കുന്നതിലെ വീഴ്ച. | 1-27 |
| 37 | എ.ബി.സി പ്രോഗ്രാം - തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 38 | സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗവിവരം ഹാജരാക്കിയില്ല. ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 39 | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹105176 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 40 | പെരിങ്ങോം വയക്കര ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പ്രവർത്തികൾ -പ്രോജക്ട് തയ്യാറാക്കിയതിലെ അപാകം മൂലം ലക്ഷ്യം കൈവരിച്ചില്ല-1095287/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 41 | ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് വിവരങ്ങളും ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങളും തമ്മിലുള്ള വ്യത്യാസം-ക്രമപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. | 1-32 |

| | | |
|---|---|---|
| 42 | ഹോമിയോ ഡിസ്പെൻസറികളിലേക്ക് (ആയുഷ് പി.എച്ച്.സി) മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 149154 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 43 | ബാലസഭ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ₹ 9520തടസ്സപ്പെടുത്തുന്നു. | 1-34 |
| 44 | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- വാങ്ങൽ ചട്ടങ്ങൾ പാലിക്കുന്നതിൽ അപാകത | 1-35 |
| 45 | കേരളോത്സവം -പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-36 |
| 46 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-37 |
| 47 | പാടിയോട്ട്ചാൽ വെറ്റിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -രേഖകൾ ഹാജരാക്കിയിട്ടില്ല ₹94564 തടസ്സപ്പെടുത്തുന്നു. | 1-38 |
| 48 | മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- വാങ്ങൽ നടപടി ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-39 |
| 49 | അങ്കണവാടി പോഷകാഹാര വിതരണം - ജി എസ് ടി-ടി ഡി എസ് കുറവ് വരുത്തിയിട്ടില്ല. | 1-40 |
| 50 | സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹31730 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 51 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നില്ല. | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 14-07-2023 ലെ 213/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
26.12.2023.

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11923576.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹14050739.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല .

A)തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

B) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62 F പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

C)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
D)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-3 ദുരിതാശ്വാസ നിധി-പൊരുത്തപ്പെടുന്നില്ല.

ദുരിതാശ്വാസ നിധി- ബി 2 ഷെഡ്യൂളിലെ തുകയും (₹28442) ബി 17 ഷെഡ്യൂളിലെ തുകയും (₹22568) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ഡെപ്പോസിറ്റ് പ്രവൃത്തി വിവരങ്ങൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

കെ എസ് ഇ ബിക്ക് മുൻകൂറായി നല്കിയ ₹912647 യും/- രൂപയും ഭൂജല വകുപ്പിന് നൽകിയ ₹40000 യും ക്രമീകരിക്കാൻ ബാക്കിയുണ്ട്.എന്നാൽ ആയത് ബി 18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

### 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-6 സ്ഥിരനിക്ഷേപ നീക്കിയിരിപ്പ് വിവരം പൊരുത്തപ്പെടുന്നില്ല.

B-12 Schedule ൽ Investment – Fixed Deposits ഇനത്തിൽ വാർഷികധനകാര്യപത്രികയിലും ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ തുക (₹2471876) സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 ധനകാര്യ കമ്മീഷൻ അവാർഡ് ചെലവ് തുക-പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയും(8342101) വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് തുകയും(8114391) പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 15-03-2022 തീയതിയിലെ യോഗത്തിലെ 18/22 നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 24-03-22തീയതിയിൽ രാവിലെ ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-92/22) 30-03-22 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ 93/22 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 13/03/2023 തീയതിയിലെ യോഗത്തിലെ 22/23നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 24-03-2023തീയതിയിലെ സാധാരണയോഗത്തിൽ 89/23 (2) നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12216615 | 10995234 |
| വരവ് | 323669949 | 271702362 |

| | | |
|---|---|---|
| ആകെ | 335886564 | 282697596 |
| ചെലവ് | 332869722 | 272206117 |
| നീക്കിയിരിപ്പ് | 3016842 | 10491479 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ആയതിന്റെ കാരണം ബജറ്റ് ഫയലിൽ നിന്നും വ്യക്തമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹22271671 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹51815598 |
| ആകെ | ₹74087269 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹39892022 |
| നീക്കിയിരിപ്പ് | ₹34195247 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹2000 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2122057 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എഫ് ടി ഒ മുഖേനയുള്ള വരവ് ചെലവ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 29092000 | 29092000 | 29092000 | 0 |
| വികസന ഫണ്ട് – എസ് . സി.പി | 0 | 3213000 | 3213000 | 3213000 | 0 |
| വികസന ഫണ്ട് -ടി.എസ് .പി | 0 | 1006000 | 1006000 | 1006000 | 0 |
| മെയിന്റനൻസ് , റോഡ് | 0 | 10328000 | 10328000 | 8912749 | 1415251 |
| മെയിന്റനൻസ് , നോൺ-റോഡ് | 0 | 7497000 | 7497000 | 7497000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് -ബാങ്ക് | 639930 | 5226662 | 5866592 | 4941071 | 925521 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് -ട്രഷറി | 0 | 222550 | 222550 | 221970 | 580 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക് | 4721900 | 7431000 | 12152900 | 2951350 | 9201550 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ട്രഷറി | 0 | 4019304 | 4019304 | 227710 | 3791594 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 11,83,865 | 1729226 | 2913091 | 348501 | 2564590 |
| സാക്ഷരത | 1132 | 16014 | 17146 | 15969 | 1177 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ്(ജില്ലാതലം) | 10,000 | 1000000 | 1010000 | 0 | 1010000 |
| എം പി ഫണ്ട് | 8492 | 290 | 8782 | 0 | 8782 |
| മറ്റ് പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ | 87,100 | 1600 | 88700 | 75760 | 12940 |
| എസ് എസ് എ | 163432 | 4792 | 168224 | 0 | 168224 |
| ടി എസ് പി | 2164909 | 0 | 2164909 | 0 | 2164909 |
| മറ്റ് ഉദ്ദേശ്യഗ്രാന്റ് | 245175 | 69300 | 314475 | 0 | 314475 |
| ജലനിധി | 39008 | 1143 | 40151 | 0 | 40151 |
| ശുചിത്വമിഷൻ | 0 | 191983 | 191983 | 191983 | 0 |
| മറ്റ് സർക്കാർ ഏജൻസിയിൽ നിന്നും ലഭിച്ച തുക | 1146160 | 5114936 | 6261096 | 2710891 | 3550205 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഗ്രാന്റ് | 0 | 450000 | 450000 | 0 | 450000 |
| ഹെൽത്ത് ഗ്രാന്റ്-ഇൻഫ്രാസ്ട്രക്ച്ചർ ടു പി എച്ച് സി | 0 | 352705 | 352705 | 100000 | 252705 |
| ഹെൽത്ത് ഗ്രാന്റ്-വെൽനസ് സെന്റർ | | 238890 | 238890 | 162790 | 76100 |
| എം ജി എൻ ആർ ഇ ജിഎസ് | 30187 | 58334436 | 58364623 | 58331012 | 33611 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 173 | 143533567 | 145 | 77725539 | 12 | 133 | 28 | 76.88 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 4213049 | 4193499 | 99.54 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 7 | 7 | 4290000 | 4234614 | 98.17 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി/സി.എച്ച്.സി | 5 | 4 | 1612877 | 1039739 | 64.46 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 3 | 3 | 2100000 | 2100000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 200000 | 200000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 20 | 64109548 | 19926250 | 31.08 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 12 | 9119210 | 7768525 | 85.19 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 30 | 25 | 8991175 | 7561107 | 84.09 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 59 | 45 | 41719716 | 24096274 | 57.76 |
| ഹെഡ് മാസ്റ്റർ,ഗവ.യു പി സ്കൂൾ. | 10 | 8 | 3513336 | 3238528 | 92.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2442500 | 2155193 | 88.24 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 11 | 11 | 1222156 | 1211810 | 99.15 |
| ആകെ | 173 | 145 | 143533567 | 77725539 | 54.15 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30187 | 1469736 | 1499923 | 1466312 | 33611 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് , മെറ്റീരിയൽ ബിൽ ഉൾപ്പെടെ | 0 | 56864700 | 56864700 | 56864700 | 0 |
| | 30187 | 58334436 | 58364623 | 58331012 | 33611 |

## 1-6-1 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ

എ) കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള കരാറുകളിൽ പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികളിൽ ഈ നിരക്കിലുള്ള മുദ്രപ്പത്രത്തിൽ കരാർ ചമക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്, കരാറുകാരൻ | കരാർ തുക (പി.എ.സി) | എഗ്രിമെന്റ് വെച്ച മുദ്രപ്പത്രത്തിന്റെ മൂല്യം | എഗ്രിമെന്റ് വെക്കേണ്ട മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ചരൽ കൂടം റോഡ് കോൺക്രീറ്റ് യു പി കമാലാക്ഷൻ | 485200 | 200 | 500 | 300 |
| 2 | കൊടോടി മുണ്ടർകാനം റോഡ് സോളിംഗ്-ഒന്നാം ഘട്ടം പി മോഹനൻ | 497800 | 200 | 500 | 300 |
| 3 | വായനശാല പാട്ടറ ഇളംപാടി റോഡ് കോൺക്രീറ്റ് പി മോഹനൻ | 416238 | 200 | 400 | 200 |
| 4 | പെരിങ്ങോം -കൃഷി ഭവൻ കോൺക്രീറ്റിംഗ് മോഹനൻ പി | 412600 | 200 | 400 | 200 |
| 5 | മാപ്പാടിച്ചാൽ ശ്മശാനം റോഡി കോൺക്രീറ്റിംഗ് ടോമി തോമസ് | 410026 | 200 | 400 | 200 |
| 6 | തട്ടുമ്മൽ കോടങ്കല്ല് റോഡ് കോൺക്രീറ്റിംഗ് വ വിൽസൺ ഇ ജെ | 416113 | 200 | 400 | 200 |
| 7 | വാങ്ങാട് ചാത്തൻപാറ റോഡ് കോൺക്രീറ്റ് യു പി കമലാക്ഷൻ | 416310 | 200 | 400 | 200 |

കരാറിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല.അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവ് വന്ന തുക മേൽ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

ബി) ഗ്രാമ പഞ്ചായത്തിൽ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ മിക്കവാറും നിർമ്മാണ പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകുമ്പോൾ നിയമാനുസൃത ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതെയാണ് തുക അനുവദിക്കുന്നത്. CGST Act, 2017 സെക്ഷൻ 51 പ്രകാരം, സപ്ലൈ ഓർഡർ നൽകിയ ₹2,50,000/-മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST TDS ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിട്ടുണ്ട്.മേൽ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(46/22-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.2017 ലെ ജി.എസ്.ടി നിയമപ്രകാരം നിലവിലുള്ള നികുതി ഈടാക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 14400 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 5981800 | 381 |
| വിധവാ പെൻഷൻ | 20988000 | 1465 |
| വാർദ്ധക്യകാല പെൻഷൻ | 36844800 | 2836 |
| ഭിന്നശേഷി പെൻഷൻ | 5045100 | 377 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1024000 | 74 |

## 1-7-1 സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 15.12.23 ന് നൽകിയ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന 4 ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി അറിയിച്ചിട്ടുണ്ട്. ഇതിൽ പത്മാവതി എം.പി എന്ന ഗുണഭോക്താവ് മരണപ്പെടുകയും, പ്രസന്ന കുമാരി വി.വി എന്ന ഗുണഭോക്താവ് അനധികൃതമായി കൈപ്പറ്റിയ 34200 രൂപ തിരികെ അടവാക്കിയിട്ടുമുണ്ട്. ബാക്കി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനധികൃതമായി കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഭാസ്കരൻ വി.വി | 52700 |
| 2 | കാർത്ത്യായനി എം | 56100 |

മേൽ ഗുണഭോക്താക്കളിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. സ.ഉ.(എം.എസ്)97/2020ധന തീയതി 23.09.2020 ഖണ്ഡിക എ(6) 21/22 നിബന്ധനകളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2023 ന് രാവിലെ 11:05 Am മണിക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2781 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള കാഷ് നീക്കിയിരിപ്പ് 200/- രൂപയുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102 കാണുക) ആകെ കാഷ് നീക്കിയിരിപ്പ് 2981/-രൂപയാണ്. ഇംപ്രസ്റ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പദ്ധതിചെലവുകളുമായും മറ്റ് ചെലവുകളുമായും ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.എന്നാൽ ഇൻകംമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതും ഓഡിറ്റ് ഒബ്ജക്ഷൻ/റിക്കവറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതും അപാകമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി വസ്തുനികുതിയും ക്രമവൽക്കരണഫീസും ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പേര് വിവരങ്ങളും തസ്തികകളും ഉൾപ്പെടുത്തിയ രജിസ്റ്റർ)തയ്യാറാക്കുന്നിലെ വീഴ്ച മൂലം നികുതി ചോർച്ചയുണ്ടാകുന്നത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള (പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നതിന് മുൻപ് നടത്തിയത്) ഏറ്റവും ഒടുവിലത്തെ (നവംബർ,ഡിസംബർ 2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ (2009-10/2013-14) തടസ്സങ്ങൾ മുഴുവനും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും 2022 മെയ്, ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, ലൈഫ് പദ്ധതി 2020 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, വാർഷിക പദ്ധതി അവലോകനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, വാതിൽപ്പടി സേവനം മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ 6 ഊരുകൂട്ടങ്ങളാണ് ഉള്ളത്. ഊരുകൂട്ടം മിനുട്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-12 കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | ഉപയോഗക്രമം | കുടിശ്ശിക (2022-23 വരെ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 3/718 | ഓലിക്കൽ തോമസ് ഒ എ | പാർപ്പിടാവശ്യം | 2556 | 2021-22 ആദ്യ പകുതി മുതൽ |

| | | | | | |
|---|---|---|---|---|---|
| 2 | 8/517 | എം.എസ്.ഡിസ്സിനെറ്റ് വയർലെസ് ലിമിറ്റഡ് | മൊബൈൽ ടെലഫോൺ ടവർ | 42000 | 2019-20 ആദ്യ പകുതി മുതൽ |
| 3 | 13/697 | മാനേജർ റിലയൻസ് ഇൻഫറേറ്റ് | മൊബൈൽ ടെലഫോൺ ടവർ | 9240 | 2021-22 ആദ്യ പകുതി, രണ്ടാം പകുതി |
| 4 | 13/714 | അസിസ്ററന്റ് എൻഞ്ചീനിയർ പി ഡബ്ള്യ ഡി ബിൽഡിംഗ് സെക്ഷൻ പയ്യന്നൂർ | ഓഫീസ് ആവശ്യത്തിനുള്ളവ | 12474 | 2021-22 രണ്ടാം പകുതി മുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/20.12.2023) മറുപടിയായി മേൽ പട്ടികയിലെ ക്രമ നം. 1,2,3 എന്നീ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
ക്രമ നം. 4 ലെ കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 12,474 രൂപ പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നും അരിയർ തുക അടക്കാത്തതിനാൽ ഈ വർഷം അടച്ച തുക ഡെപ്പോസിറ്റായാണ് വരവെടുത്തതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഐ കെ എം, സഞ്ചയയിൽ മാന്വൽ ആയി റസീറ്റ് പോസ്റ്റ് ചെയ്യാനുള്ള സൌകര്യം ലഭ്യമാക്കിത്തരുന്ന മുറയ്ക്ക് പോസ്റ്റിംഗ് നടത്താനാണ് ഡെപ്പോസിറ്റായി വരവെടുത്തതെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പോസ്റ്റിംഗ് നടത്തി വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളിൽ നിന്ന് കുടിശ്ശിക ഇനത്തിലുള്ള തുകകൾ ഈടാക്കി പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കു വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുന്നില്ല. സാങ്കേതിക പിഴവ് ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 വരെ ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. 2022-23 വർഷം നികുതി നിർണ്ണയം നടത്തിയ, 250 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ തറനിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ടുള്ളതാണെന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന്റെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം(ച.മീ.) |
|---|---|---|

| | | |
|---|---|---|
| നങ്ങാരത്ത് അബ്ദുൾ റസാഖ് | 13/116 A, B, C, D, E, F, G, H, J, K, L, M, N, P, Q, R, S, T, U, V, W, X, Y, Z | 1406.6 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/20.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടത്തിന്റെ തറ നിർമ്മിതി സംബന്ധിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സാങ്കേതികപ്പിഴവ് ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ/കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി.

സ.ഉ(എം.എസ്.)നം.358/2015/ത.സ്വ.ഭ.വ. തി:16.12.2015 പ്രകാരം 60 ചതുരശ്ര മീറ്റർ വരെ വസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതും ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതുമാണ്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പാർപ്പിടാവശ്യം/വീട് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയ കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയാണെങ്കിലും വസ്തു നികുതി ഡിമാൻഡ് ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നം. | കെട്ടിട നം. | പ്ലിൻത് ഏരിയ (ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | മുകളേൽ ഷാജി | 2 | 323 | 81 | പാർപ്പിടാവശ്യം/വീട് |
| 2 | കാനാവീട്ടിൽ വിജയ | 3 | 549 | 105 | പാർപ്പിടാവശ്യം/വീട് |
| 3 | മാന്ദ്യത്ത് കൃഷ്ണൻ | 3 | 606 | 120 | പാർപ്പിടാവശ്യം/വീട് |
| 4 | കൊവ്വൻ വീട്ടിൽ നാരായണൻ | 4 | 215 | 120 | പാർപ്പിടാവശ്യം/വീട് |
| 5 | ചെഞ്ചേര്യൻവീട്ടിൽ രാധാകൃഷ്ണൻ | 5 | 480 | 110 | പാർപ്പിടാവശ്യം/വീട് |
| 6 | ചോയിമടത്തിൽ ബാലകൃഷ്ണൻ | 8 | 559 | 140 | പാർപ്പിടാവശ്യം/വീട് |

കൂടാതെ ചുവടെ ചേർത്ത കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളതാണെങ്കിലും നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ടവ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നം. | കെട്ടിട നം. | പ്ലിൻത് ഏരിയ(ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | കട്ടപ്പള്ളിൽ ഗോപീദാസ് | 1 | 36 A | 80 | നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ടവ |
| 2 | പി.വി ഗോപിനാഥൻ | 2 | 55 | 85 | “ |
| 3 | പൊൻമലകുന്നേൽ ജോണി | 2 | 101 | 95 | “ |
| 4 | കൊല്ലപ്പള്ളി തോമസ് | 2 | 103 | 65 | “ |
| 5 | അലകനാൽ വർക്കി | 2 | 110 | 63 | “ |
| 6 | കുന്നത്തറ ബിജു കര്യാക്കോസ് | 2 | 292 | 61 | “ |
| 7 | മുട്ടത്തുപാറ ആൻറണി | 2 | 383 | 150 | “ |
| 8 | പള്ളിക്കര പടിഞ്ഞാറെവീട്ടിൽ ജാനകി | 2 | 418 | 62 | “ |
| 9 | വരികാട്ടു രവീന്ദ്രൻ | 2 | 937 | 65 | “ |
| 10 | കരാള രാമകൃഷ്ണൻ | 2 | 963 | 95 | “ |

| | | | | | |
|---|---|---|---|---|---|
| 11 | ഉന്തക്കാച്ചി സൌദാബി | 3 | 369 A | 115 | “ |
| 12 | പുത്തൻ വീട്ടിൽ അമൽ വിജയൻ | 3 | 533 | 90 | “ |
| 13 | പള്ളിക്കുന്നേൽ ജോയ് | 3 | 586 | 180 | “ |
| 14 | എഴുത്തൻതിടിൽ വീട്ടിൽ ശ്രീധരൻ | 3 | 713 | 95 | “ |
| 15 | രാമപുരത്ത്കൊഴുമ്മൽ കുഞ്ഞിരാമൻ | 4 | 231 | 65 | “ |
| 16 | ഇടമുള്ളവയലിൽ അപ്പ | 4 | 248 | 70 | “ |
| 17 | ടി.വി.നാരായണൻ | 4 | 272 | 65 | “ |
| 18 | എഴുത്തൻതിടിൽ വീട്ടിൽ നാരായണൻ | 4 | 291 | 65 | “ |
| 19 | പുളുക്കൽ ചെല്ലാനത്ത് ആമിന | 5 | 87 | 65 | “ |
| 20 | വെള്ളരിങ്ങാട്ട് ചെല്ലമ്മ | 5 | 173 | 75 | “ |
| 21 | വാഴപ്പള്ളിയിൽ ഭാസ്കരൻ | 5 | 243 | 80 | “ |
| 22 | വാഴപ്പള്ളിയിൽ ഭാസ്കരൻ | 5 | 244 | 80 | “ |
| 23 | ചാലിൽ പലേരി വത്സലകുമാരി | 5 | 403 | 65 | “ |
| 24 | കായക്കൂൽ തിരുവട്ടൂർ നസീറ | 5 | 463 | 75 | “ |
| 25 | മണ്ണിശ്ശേരിഫാരിസ | 6 | 31 | 62 | “ |
| 26 | കണ്ണംകോട്ട് ശശി | 6 | 563 | 72 | “ |
| 27 | മുത്തുവാംകുഴി കുഞ്ഞൂഞ്ഞ് | 7 | 171 | 88 | “ |
| 28 | കരിക്കളപീടികയിൽ ഇബ്രായിൽ | 8 | 73 | 73 | “ |
| 29 | മധു മന്ദിരത്തിൽ ആദർശ വീ ധരൻ | 8 | 88 | 64 | “ |
| 30 | പുതുപറമ്പിൽ സുധാകരൻ | 8 | 103 | 68 | “ |
| 31 | സജി കാവാലം | 8 | 115 | 82 | “ |
| 32 | മുഹമ്മദ് ഷബീർ | 8 | 124 | 65 | “ |
| 33 | പുത്തൻ വീട്ടിൽ മുരളീധരൻ | 9 | 88 | 68 | “ |
| 34 | കാമ്പ്രത്ത് ഹരിദാസ് | 9 | 269 | 80 | “ |
| 35 | ആലയിൽ സന്തോഷ് | 9 | 285 | 70 | “ |
| 36 | ചെന്തല മാധവൻ | 9 | 354 | 68 | “ |
| 37 | ഇടവലത്ത് മറിയക്കുട്ടി | 10 | 532 | 68 | “ |
| 38 | ടി വി ചന്ദ്രിക | 13 | 456 B | 138 | “ |
| 39 | മുക്കുന്നുകാരൻ ഭഗീരഥൻ | 13 | 544 | 80 | “ |
| 40 | പാലക്കീൽ പുത്തൻ വീട്ടിൽ രമേശൻ | 13 | 560 | 75 | “ |
| 41 | കാനാവീട്ടിൽ പത്മനാഭൻ | 13 | 695 | 180 | “ |
| 42 | പൈതലേൻ ബിജു | 14 | 378 | 70 | “ |
| 43 | പൈതലച്ചി ഭവാനി | 14 | 380 | 80 | “ |
| 44 | കെ.കെ.കുഞ്ഞിരാമപൊതുവാൾ | 15 | 217 | 90 | “ |
| 45 | പടിഞ്ഞാറെപുരയിൽ കുഞ്ഞിരാമൻ | 15 | 222 | 70 | “ |
| 46 | തേക്കുംമൂട്ടിൽ തോമസ് | 15 | 368 | 100 | “ |

| | | | | | |
|---|---|---|---|---|---|
| 47 | കുണ്ടോറവീട്ടിൽ ജനാർദ്ദനൻ | 16 | 50 | 68 | “ |
| 48 | ചേനോത്ത് ആയിസുമ്മ | 16 | 109 | 78 | “ |
| 49 | പള്ളിക്കര വീട്ടിൽ കുഞ്ഞിരാമൻ | 16 | 300 | 74 | “ |
| 50 | വലിയപീടികയിൽ ഉമ്മുൽകുൽസു | 16 | 357 | 88 | “ |
| 51 | പുതിയടവൻ വീട്ടിൽ സവിത | 16 | 636 A | 70 | “ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20.12.2023) മറുപടിയായി 22.03.2023 ലെ സ.ഉ (കൈ) നം. 77/2023 പ്രകാരം വസ്തു നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും ആയത് പ്രകാരം നികുതി ഈടാക്കേണ്ട കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളിൽ നികുതി ഈടാക്കേണ്ട കെട്ടിടങ്ങൾക്ക് നികുതി ചുമത്തി ആയത് ഈടാക്കുന്നതിനും നികുതി ഒഴിവിന് അർഹമായ കെട്ടിടങ്ങളെ സംബന്ധിച്ച് സഞ്ചയയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

സഞ്ചയ പ്രകാരം പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിൽ 102 അനധികൃത കെട്ടിടങ്ങളാണുള്ളത്. അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്ററിൽ മേൽ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ച വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/20.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ രജിസ്റ്റർ സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ നിലവിലെ സ്ഥിതിയും അതിനെതിരെ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ നിലവിലെ സ്ഥിതിയും അതിനെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/21.12.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് കുറവാണ്.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ | ഈടാക്കിയ തൊഴിൽ | ഈടാക്കേണ്ട തൊഴിൽ | കുറവ് വന്ന |
|---|---|---|---|---|---|---|---|

| | | | | വാർഷിക വരുമാനം | നികുതി | നികുതി | തുക |
|---|---|---|---|---|---|---|---|
| പോലീസ് സ്റ്റേഷൻ, പെരിങ്ങോം | കാർത്ത്യായനി | പി ടി എസ് | I | 126480 | 750 രസീത് നം. 122101341 തീ 27.08.22 | 1250 | 500 |
| | | | II | 126480 | 750 രസീത് നം. 122106401 തീ 28.02.23 | 1250 | 500 |

B) ഗ്രാമ പഞ്ചായത്ത് പരിധിയിലെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

C) 2022-23 സാമ്പത്തിക വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 4 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ഷീര സംഘങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

D) ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.
തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുകകൾ ഒടുക്കുവരുത്തിയതിന്റെ വിശദാംശങ്ങളും അപാകങ്ങൾക്ക് വിശദീകരണവും ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2022-23 കാലയളവിൽ എഫ് ടി ഇ & ഒ.എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 110 | പെരിങ്ങോം സ്റ്റോൺ ക്രഷർ | 10 |
| 488 | ഹരിത ഫാം | 4 |
| 676 | ഫുഡ് കോർട്ട്, വയക്കര | 4 |

| | | |
|---|---|---|
| 677 | ഡബിൾ ബെൽ സൂപ്പർ മാർക്കറ്റ് | 4 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പെരിങ്ങോം സ്റ്റോൺ ക്രഷർ എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും ബാക്കി സ്ഥാപനങ്ങളിൽ താൽക്കാലിക ജീവനക്കാർ മാത്രമായതിനാലാണ് തൊഴിൽ നികുതി ഈടാക്കാഞ്ഞതെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തികരമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. മേൽ പട്ടികയിലെ ഹരിത ഫാം, ഫുഡ് കോർട്ട്, വയക്കര, ഡബിൾ ബെൽ സൂപ്പർ മാർക്കറ്റ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്നവരാണെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ.

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ രണ്ടു മേഖലകളിലായി അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ,മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്, മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ/നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല .താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്.

2) ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3) 2022-23 സാമ്പത്തിക വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 4 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പാടിയോട്ട് ചാൽ ക്ഷീരസംഘം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

4) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കള്ളുഷാപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല.

5) 2/814 AL,AM എന്നീ കെട്ടിടങ്ങളിൽ പടക്ക വിൽപന നടത്തുന്നതുമായി ബന്ധപ്പെട്ട് എൻ പി രാജൻ എന്ന വ്യക്തിക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട് (ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. 39). എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഫോം -V ലുള്ള എക്സ്പ്ലോസീവ് ലൈസൻസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി പ്രസ്തുത വ്യക്തിക്ക് 2023-24 വർഷത്തേക്ക് അനുവദിച്ച എക്സ്പ്ലോസീവ് ലൈസൻസാണ് ലഭ്യമാക്കിയത്. ടിയാന് 2022-23 വർഷത്തേക്ക് അനുവദിച്ച എക്സ്പ്ലോസീവ് ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം. 42/21.12.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | അപാകത |
|---|---|---|---|---|---|
| 190 | സണ്ണി ജോർജ്ജ് | തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് | 9/64 F | 103 HP | 2000 രൂപയാണ് റണ്ണിങ് ഫീസായി ഈടാക്കേണ്ടത്. എന്നാൽ 1000 രൂപയാണ് ഈടാക്കിയിട്ടുള്ളത്. (രസീത് നമ്പർ 1210107308 തീയതി 25.03.2022) 1000 രൂപ കുറവ്. |
| 648 | പി കുഞ്ഞിരാമൻ | ധന്യാ ഫ്ലോർ & ഓയിൽ മിൽ | 2/514 | രേഖപ്പെടുത്തിയിട്ടില്ല | റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല. |
| 668 | എ വി ബാബുമോൻ | വിനായക പൂജ ഓയിൽ & ഫ്ലോർ മിൽ | 14/269 | രേഖപ്പെടുത്തിയിട്ടില്ല | റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല. |

മോട്ടോർ റണ്ണിങ് ഫീസ് ഇനത്തിൽ കുറവ് വന്ന തുകകൾ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 സഞ്ചയ പ്രകാരമുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

05.07.2022 ലെ ഭരണസമിതി യോഗത്തിലെ 22/194/2022 നമ്പർ തീരുമാന പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 5, 6, 8 വാർഡുകളിലെ വാണിജ്യകെട്ടിടങ്ങളുടെ എണ്ണം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| വാർഡ് നം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം | സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം | |
|---|---|---|---|
| | | ഉപയോഗക്രമം | എണ്ണം |
| 5 | 11 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 64 |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 19 |
| | | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 1 |
| | | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 1 |

| | | | |
|---|---|---|---|
| | | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 25 |
| | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 2 |
| | | ആകെ | 112 |
| 6 | 21 | ഉപയോഗക്രമം | എണ്ണം |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 114 |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 33 |
| | | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻ്റർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 4 |
| | | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 28 |
| | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 3 |
| | | ആകെ | 182 |
| 8 | 55 | ഉപയോഗക്രമം | എണ്ണം |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 165 |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 39 |
| | | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 2 |
| | | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻ്റർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 3 |
| | | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 28 |
| | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 5 |
| | | ആകെ | 242 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/21.12.2023) മറുപടിയായി വാണിജ്യ അവശ്യത്തിനായി അനുവദിച്ച നിരവധി കെട്ടിടങ്ങൾ പ്രവർത്തിക്കാതെ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നതിനാലും കൂടാതെ ഒരേ സ്ഥാപനം തന്നെ നിരവധി കെട്ടിട മുറികളിൽ പ്രവർത്തിക്കുന്നതിനാലുമാണ് വാണിജ്യകെട്ടിടങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 5 ാം വാർഡിൽ പ്രവർത്തിക്കുന്ന 14 സ്ഥാപനങ്ങളും 6 ാം വാർഡിൽ പ്രവർത്തിക്കുന്ന 30 സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതും കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നവയാണോ എന്ന് ഫീൽഡ് പരിശോധനയിലൂടെ ഉറപ്പുവരുത്തേണ്ടതുമാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള ഏതാനും വ്യക്തികൾ തൻവർഷം സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/21.12.2023) മറുപടിയായി ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച ഒരു സ്ഥാപനത്തിന് (കെട്ടിട നം. 3/464 A) ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ചുവടെ ചേർത്ത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | വാർഡ് നമ്പർ<br>കെട്ടിട നമ്പർ |
|---|---|---|
| 1 | കെ സി സിനാൻ | 6/595 |
| 2 | ഷൈലജ സി | 13/208 A |
| 3 | രസ്ന പി | 13/208 B |
| 4 | അനമോൾ എൻ സി | 13/208 E |

മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഇനത്തിലുള്ള തുകകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യത്യാസം -നികുതി വരുമാന ചോർച്ചക്ക് സാധ്യത

ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 29 | വലിയ വളപ്പിൽ മോഹനൻ | ടൈലറിംഗ് ഷോപ്പ് | 13/134 | സഞ്ചയയിൽ ലഭ്യമല്ല |
| 40 | ബിൻസു ചെറിയാൻ | സ്റ്റോൺ ക്രഷർ | 8/123 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 51 | ലളിത കെ | ഓയിൽ & ഫ്ലോർ മിൽ | 3/519 G | സഞ്ചയയിൽ ലഭ്യമല്ല |
| 134 | എൽ അപ്പുക്കുട്ടൻ | സ്റ്റേഷനറി കട | 2/902 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ |
| 145 | ഹരിദാസൻ എൻ ആർ | ഹോം അപ്ലയൻസസ് | 3/851 | സഞ്ചയയിൽ ലഭ്യമല്ല |
| 312 | ബദറുദ്ദീൻ എം | അനാദിക്കട | 12/327 | ആരാധനാലയങ്ങൾ |
| 322 | നാസർ പി | മൊബൈൽ ഫോൺ സർവീസിംഗ് | 3/568 B | സഞ്ചയയിൽ ലഭ്യമല്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/21.12.2023) മറുപടിയായി മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളുടെ നമ്പറുകൾ ലൈസൻസ് രജിസ്റ്ററിലും അപേക്ഷകളിലും തെറ്റായി രേഖപ്പെടുത്തിപ്പോയതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ ശരിയായ നമ്പറുകളും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്ന മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഉപയോഗ ക്രമം വ്യത്യസ്തമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലൂടെ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ വരുമാന ചോർച്ച ഉണ്ടാകുന്നതിനാൽ ലൈസൻസ് അനുവദിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം

ഒഴിവാക്കേണ്ടതാണ്.

## 1-23 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകങ്ങൾ

2021-22 വർഷത്തിലെ സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപങ്ങളുടെ റജിസ്ട്രേഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തെ രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപന ഉടമ | സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | വരുൺ തമ്പാൻ നമ്പ്യാർ | മെഡിക്കൽ ലാബ് | 13/118 |
| 2 | മിഥുൻ രാമചന്ദ്രൻ | ഡെന്റൽ ക്ലിനിക് | 2/814 ABU |
| 3 | രേഷ്മ ഒ വി | ഡെന്റൽ ക്ലിനിക് | 8/744 |

മേൽ സ്ഥാപനങ്ങൾ 2022-23 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നവയാണോ എന്നും സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് പുതുക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/20.12.2023) മറുപടിയായി ക്രമ നം.1 ലെ സ്ഥാപനം പ്രവർത്തിച്ചിരുന്നില്ലെന്നും ക്രമ നം.2, 3 ലെ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഇനത്തിലുള്ള തുക ഒടുക്കുവരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള തനത് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

01-03-2022 മുതൽ 31-03-2023 വരെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24 യോഗങ്ങൾ ചേർന്നിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങളും മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങളും ചേർന്നിട്ടുണ്ട്. പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

### വസ്തുനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ (കൈ) നമ്പർ 77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി

പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ (അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് ഭരണസമിതിയുടെ 09.08.2023 തീയതിയിലെ 230/2023 നമ്പർ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ഭാഗമായുള്ള ഫീൽഡ് വെരിഫിക്കേഷൻ ആരംഭിച്ചിട്ടില്ല.2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ച പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

തൊഴിൽനികുതി .

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി 5 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

അനധികൃതനിർമാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 353 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സേവനഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല0 .താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന

നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

<u>തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .</u>

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. വാർഡ് വൈസ് ട്രഡേഴ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ കാലികമാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, FTE&OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

10. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച

സർക്കാരിന്റെ സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## 1-25 ഘടക സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയത്-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹178000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2022-23 വർഷം വിവിധ ഘടക സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾക്കായി ഗ്രാമപഞ്ചായത്ത് അഡ്വാൻസ് തുകകൾ നൽകിയിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | വൌച്ചർ നമ്പർ | തീയതി | തുക | തുക കൈപ്പറ്റിയ ഘടക സ്ഥാപനം |
|---|---|---|---|---|
| 1 | 22200820 | 01-02-2023 | 10000 | മെഡിക്കൽ ഓഫീസർ ,ഗവ.ആയുർവേദ ഡിസ്പെൻസറി,പാടിയോട്ടുച്ചാൽ |
| 2 | 22200724 | 30-12-2022 | 10000 | മെഡിക്കൽ ഓഫീസർ ,ഗവ.ആയുർവേദ ഡിസ്പെൻസറി,പാടിയോട്ടുചാൽ |
| 3 | 22200832 | 06-02-2023 | 18000 | കൃഷി ഓഫീസ് |
| 4 | 22200914 | 09-03-2023 | 20000 | വെറ്ററിനറി സർജൻ-വെറ്ററിനറി ഡിസ്പെൻസറി-പാടിയോട്ടുചാൽ |
| 5 | 22200689 | 04-12-2022 | 20000 | വെറ്ററിനറി സർജൻ-വെറ്ററിനറി ഡിസ്പെൻസറി-പാടിയോട്ടുചാൽ |
| 6 | 22200414 | 03-09-2022 | 15000 | വെറ്ററിനറി സർജൻ-വെറ്ററിനറി ഡിസ്പെൻസറി-പാടിയോട്ടുചാൽ |
| 7 | 22200415 | 03-09-2022 | 15000 | ഗവൺമെന്റ് എൽ പി സ്കൂൾ ,അരവഞ്ചാൽ |
| 8 | 22200147 | 03-06-2022 | 10000 | മെഡിക്കൽ ഓഫീസർ,ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ-ആയുർവേദം |
| 9 | 22200383 | 23-08-2022 | 15000 | ഗവൺമെന്റ് എൽ പി സ്കൂൾ, പെടേന |
| 10 | 22200385 | 23-08-2022 | 15000 | ഗവൺമെന്റ് എൽ പി സ്കൂൾ, പെരിന്തട്ട സൌത്ത് |
| 11 | 22200326 | 05-08-2022 | 10000 | മെഡിക്കൽ ഓഫീസർ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ-ഹോമിയോ |
| 12 | 22200067 | 28-04-2022 | 20000 | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി, പാടിയോട്ടുച്ചാൽ |
| ആകെ | | | 178000 | |

പ്രസ്തുത തുകകളുടെ ചെലവ് രേഖകൾ/ക്രമീകരിച്ചതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/20-12-2023) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ/ക്രമീകരിച്ചതിന്റെ വിവരം എന്നിവയുടെ

അഭാവത്തിൽ ₹178000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-26 ഗ്രാമപഞ്ചായത്തിലേക്ക് ആവശ്യമായ ഫോമുകളും രജിസ്റ്ററുകളും വാങ്ങിക്കുന്നതിനായി ഗ്രാമലക്ഷ്മി മുദ്രാലയത്തിന് അഡ്വാൻസ് നൽകി-രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക 181626 തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലേക്ക് ആവശ്യമായ ഫോമുകളും രജിസ്റ്ററുകളും വാങ്ങിക്കുന്നതിനായി ഗ്രാമലക്ഷ്മിമുദ്രാലയത്തിന് അഡ്വാൻസ് ഇനത്തിൽ വൌച്ചർ നമ്പർ 22200077 തീയതി 5.5.22 പ്രകാരം 181626 രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററുകളും ഫോമുകളും ലഭ്യമായതിന്റേയും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റേയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 45/21.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് 181626 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

### 1-27 അസാധാരണ ചെലവ്-നടപടിക്രമങ്ങൾ പാലിക്കുന്നതിലെ വീഴ്ച.

ഗ്രാമപഞ്ചായത്ത് അസാധാരണ ചെലവ് ഇനത്തിൽ വൌച്ചർ നമ്പർ 22200871 തീയതി 12-02-2023 പ്രകാരം 5100 രൂപ ചെലവ് ചെയ്തിട്ടുണ്ട്.2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 3(1)അസാധാരണ ചെലവുകൾ പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിന്താങ്ങിയിട്ടുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 5 പ്രകാരം അസാധാരണ ചെലവിനങ്ങൾ സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 8 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമസഭകളിലും അവതരിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസാധാരണ ചെലവ് ചെയ്തത് ഇപ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് നടപ്പിലാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (46/22-12-2023) അടിയന്തിരമായി അടച്ചുനൽകേണ്ടി വന്നതിനാൽ നടപടിക്രമങ്ങൾ പാലിക്കാൻ സാധിച്ചില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അസാധാരണ ചെലവുകൾ നടത്തുമ്പോൾ ചട്ടത്തിൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### 1-28 എ.ബി.സി പ്രോഗ്രാം - തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്തപ്രോജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.ആയത് പ്രകാരം ₹100000 ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ടിന്റെ നമ്പരും പേരും | 196/23, എ ബി സി പദ്ധതി ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ്-ബിൽ നമ്പർ & തീയ്യതി | ₹100000- 22200900/ 22-02-2023 |

മേൽ ഉത്തരവ് ഖണ്ഡിക 13 പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും എ ബി സി പ്രവർത്തനം മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ്. ആയതു പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ വിവരവും, ഇതേ വരെ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടും പ്രൊജക്ട് പ്രകാരം അനുവദിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/19-12-2023) ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാത്തതിനാലും ₹100000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

## 1-29 സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗവിവരം ഹാജരാക്കിയില്ല. ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിച്ച് മാലിന്യം നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. 2022-23 വർഷം പദ്ധതിയുടെ ഒന്നാംഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവായാണ് തുക ജില്ലാപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ലാ കലക്ടറുടെ 13.01.23 ലെ 444/2022-23/ഡി പി സി/ഡി പി ഒ/കെ എൻ ആർ കത്തിലെ നിർദ്ദേശപ്രകാരം തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്റ്റിവിറ്റി സൗകര്യങ്ങളും ഒരു 4 MP നെറ്റ് വർക്ക് ക്യാമറയും 300 KVA പവർ ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിന് മേൽ പദ്ധതിയിൽ വകയിരുത്തിയ തുക കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 215/23, സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000(തനത് ഫണ്ട്) |
| ചെലവ്- ബിൽ നമ്പർ & തീയ്യതി | ₹177000-22200937/12-03-23 |

പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗവിവരം, പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/19-12-2023) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹177000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹105176 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടറുടെ അക്കൗണ്ടിലേക്ക് ₹105176 താഴെപ്പറയും പ്രകാരം ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം. പേര് | 76/23, 2022-23 ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹105176(വികസനഫണ്ട് ജനറൽ) |
| ചെലവ് തുക ബിൽനം/ തീയ്യതി | ₹105176 45/ 08-08-2022 |

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/19-12-2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹105176 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 പെരിങ്ങോം വയക്കര ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പ്രവർത്തികൾ -പ്രോജക്ട് തയ്യാറാക്കിയതിലെ അപാകം മൂലം ലക്ഷ്യം കൈവരിച്ചില്ല-1095287/-രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ അരവഞ്ചാൽ എന്ന സ്ഥലത്ത് ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനായി 2019-20 വാർഷിക പദ്ധതിയിൽ 6432720/- രൂപ (ധനകാര്യ കമ്മീഷൻ - 3542040/-, ജില്ലാപഞ്ചായത്ത് വിഹിതം-2200000/-, ബ്ളോക്ക് പഞ്ചായത്ത് വിഹിതം -690000/-, തനതുഫണ്ട് - 680/-) വകയിരുത്തി ഭരണസമിതി തീരുമാനപ്രകാരം അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനെ (സിൽക്ക്) പ്രൊജക്ട് മാനേജ്മെൻറ് കൺസൾട്ടൻസിയായി പദ്ധതി തയ്യാറാക്കുകയും ആസൂത്രണസമിതി അംഗീകാരത്തോടുകൂടി വെറ്റിംഗ് ഓഫീസറുടെ അപ്പ്രൂവലിനു ശേഷം പദ്ധതി നിർവ്വഹണം ആരംഭിക്കുകയുമുണ്ടായി. തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്യേണ്ട പ്രവൃത്തിയായതിനാൽ സിൽക്ക് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നല്കി ഇ-ടെണ്ടർ മുഖാന്തിരം പ്രവൃത്തി ആരംഭിക്കുകയായിരുന്നു. ബഹുവർഷ പ്രോജക്ടായതിനാൽ 2020-21 വർഷം ഈ പ്രോജക്ട് വെറ്റിംഗിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, കണ്ണൂരിന് സമർപ്പിച്ചപ്പോൾ ശുചിത്വ മിഷൻ അംഗീകരിച്ച ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിന് ചുമതലപ്പെട്ട ഏജൻസികളിൽ സിൽക്ക് ഉൾപ്പെട്ടിട്ടില്ലെന്ന കാരണത്താൽ പദ്ധതി അംഗീകരിക്കാതെ മടക്കി അയച്ചതിനാൽ സാധൂകരണത്തിന് സംസ്ഥാനതല കോ ഓർഡിനേഷൻ സമിതിയെ സമീപിക്കുകയും പ്രസ്തുത പദ്ധതി സിൽക്കിനെ ഏല്പിച്ചതിന് ഇതുവരെയുള്ള പ്രവൃത്തിക്ക് 14.09.2021 ലെ കോ ഓർഡിനേഷൻ യോഗത്തിൽ സാധൂകരണം ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം സിൽക്ക് തന്നെ ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 ലെ സ്പിൽഓവർ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി 2021-22 വർഷത്തെ വാർഷിക പദ്ധതി അന്തിമമാക്കുന്നതിനുള്ള സമയപരിധിക്കകം കോ ഓർഡിനേഷൻ തീരുമാനം ലഭിക്കാത്തതിനാൽ ഈ പദ്ധതി 2021-22 ലേക്ക് ക്യാരിഓവർ ചെയ്യുന്നതിന് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 07.05.2021 ലെ 135/2021, 30.07.2021 ലെ 190/2021 എന്നീ തീരുമാനങ്ങൾ പ്രകാരം യഥാക്രമം ഗ്യാസ് ക്രിമറ്റോറിയം-കെട്ടിടനിർമ്മാണം, ഗ്യാസ് ക്രിമറ്റോറിയം-ഫർണസ്, ചിമ്മിനി അനുബന്ധങ്ങൾ സ്ഥാപിക്കൽ എന്നിങ്ങനെ രണ്ടായി വിഭജിച്ച് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ കെട്ടിടനിർമ്മാണം ശുചിത്വമിഷന്റെ നിയന്ത്രണത്തിൽ സിൽക്ക് തന്നെ പൂർത്തിയാക്കുന്നതിനും ഫർണസ്, ചിമ്മിനി അനുബന്ധനിർമ്മാണ പ്രവൃത്തി അംഗീകൃത ഏജൻസി വഴി ടെണ്ടർ വാങ്ങി നടത്തുന്നതിനായും പ്രൊജക്ട് വെറ്റിംഗ് അനുവദിച്ചു തരുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയക്കുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം നമ്പർ-12-10-2021 തീയതിയിലെ 238/21) നിലവിൽ കെട്ടിടനിർമ്മാണ ചുമതല സിൽക്ക് നിർവഹിക്കുന്നതിനും ഗ്യാസ് ക്രിമറ്റോറിയം-ഫർണസ്, ചിമ്മിനി അനുബന്ധങ്ങൾ സ്ഥാപിക്കൽ എന്നിവ ശുചിത്വ മിഷൻ അംഗീകരിച്ച ഏജൻസിക്ക് നൽകുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത തീരുമാനപ്രകാരമാണ് കെട്ടിടനിർമ്മാണത്തിനുള്ള തുക സിൽക്കിന് അനുവദിച്ചിട്ടുള്ളത്. ഗ്യാസ് ക്രിമറ്റോറിയം കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിൽ 2022-23വർഷം താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുകയുണ്ടായി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | 44/23 |
| പ്രൊജക്ടിന്റെ പേര് | ഗ്യാസ് ക്രിമറ്റോറിയം കെട്ടിട നിർമ്മാണം<br>(സ്പിൽ ഓവർ) |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-₹1487000<br>തനത് ഫണ്ട്-₹151036<br>₹1638036 |

| | |
|---|---|
| ചെലവ് തുക | ₹1095287 (രണ്ടാം പാർട്ട് ബിൽ) (ധനകാര്യ കമ്മീഷൻ അവാർഡ്) |
| വൗച്ചർ നമ്പർ,തീയതി | 24/01-06-2022 (എ സി ആർ പ്രകാരം) |
| കരാറുകാരന്റെ പേര് | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, അഴീക്കൽ (പി.ഒ), കണ്ണൂർ |
| കരാർ നമ്പർ,തീയതി. | 25/19-20തീയതി 25-09-2019 |
| കരാർ തുക | ₹6433400 (പിന്നീട് പ്രവൃത്തി വിഭജിച്ചു.) |
| കരാർ കാലാവധി | 8 മാസം |
| എം.ബുക്ക് നമ്പർ | 1)SILK/SBUA/M/KNR/38-2019/20<br>2)SILK/SBUA/M/KNR/219-2022/23 |

ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ ₹2007251ശ്മശാന നിർമ്മാണത്തിനായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|---|
| 2021-22<br>(ആദ്യ പാർട്ട് ബിൽ)<br>ആകെ പ്രവൃത്തി മൂല്യം-₹750958<br>(12% ജി എസ് ടി,8% സെന്റേജ് ചാർജ്, 18% ജി എസ് ടി ഓൺ സെന്റേജ് ചാർജ് പുറമെ)<br>ആകെ ബിൽ തുക-₹911964 | ഗ്യാസ് ക്രിമറ്റോറിയം കെട്ടിട നിർമ്മാണം-95/23 | ₹690000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (സിൽക്കിന് നൽകിയത്)<br>(Sanction Order No.110 Dated 02/11/2021)<br>ചെക്ക് നമ്പർ-5212677/08-11-2021 |
| ----ടി----- | ഗ്യാസ് ക്രിമറ്റോറിയം കെട്ടിട നിർമ്മാണം-95/23 | ₹151073 | തനത് ഫണ്ട് വിഹിതം<br>(Sanction Order No.110 Dated 02/11/2021)<br>ചെക്ക് നമ്പർ-422906/08-11-2021 |

| | | | |
|---|---|---|---|
| ----ടി----- | ഗ്യാസ് ക്രിമറ്റോറിയം കെട്ടിട നിർമ്മാണം-95/23 | ₹70891 | തനത് ഫണ്ട് വിഹിതം (Sanction Order No.206 Dated 11/02/2022) ചെക്ക് നമ്പർ-491026/16-02-2022 |
| 2022-23 (രണ്ടാം പാർട്ട് ബിൽ) ആകെ പ്രവൃത്തി മൂല്യം-₹901916 (1652874-750958) (12% ജി എസ് ടി,8% സെന്റേജ് ചാർജ്, 18% ജി എസ് ടി ഓൺ സെന്റേജ് ചാർജ് പുറമെ) ആകെ ബിൽ തുക-₹1095287 | ഗ്യാസ് ക്രിമറ്റോറിയം കെട്ടിട നിർമ്മാണം-44/23 | ₹1095287 | ധനകാര്യകമ്മീഷൻ അവാർഡ് വിഹിതം 24/01-06-2022 (എ സി ആർ പ്രകാരം) |
| ഇതു വരെ ആകെ ചെലവഴിച്ച തുക | | ₹2007251 | |

കെട്ടിടനിർമ്മാണപ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും ഇതുവരെ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.ഫർണസ് നിർമ്മമ്മാണത്തിന് ഡി എസ് ആർ പ്രകാരം ഡാറ്റ ഇല്ലാത്തതിനാൽ മേലധികാരികളിൽ നിന്ന് സാങ്കേതികാനുമതി ലഭിക്കാതെ വരികയും പിന്നീട് ഫർണസ് നിർമ്മാണത്തിന് സാങ്കേതികാനുമതി ആവശ്യമില്ല എന്ന ഉത്തരവ് ശുചിത്വമിഷൻ പുറപ്പെടുവിച്ചതിന്റെയടിസ്ഥാനത്തിലാണ് പ്രോജക്ടിന് വെറ്റിംഗ് ലഭ്യമായതെന്നും നിലവിൽ ഫർണസ് നിർമമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തത് പ്രോക്യൂർമെന്റ് കമ്മറ്റിയും ഭരണസമിതിയും അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയക്കുന്ന സ്റ്റേജിലാണ് പ്രോജക്ടെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/20-12-2023) മറുപടി നൽകി.

ഗ്യാസ് ക്രിമറ്റോറിയം-ഫർണസ്, ചിമ്മിനി അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് ശുചിത്വമിഷൻ അംഗീകാരമില്ലാത്ത അക്രഡിറ്റഡ് ഏജൻസിയായ സിൽക്കിനെ ചുമതലപ്പെടുത്തിയതാണ് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസമുണ്ടാക്കിയത്.വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി ചുമതലപ്പെടുത്തുമ്പോൾ അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രസ്തുത മേഖലയിൽ അംഗീകാരമുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിൽ ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലുമുണ്ടായ വീഴ്ചയാണ് പ്രോജക്ട് നിർവഹണം വൈകുന്നതിനിടയാക്കിയത്.

പൊലൂഷൻ കൺട്രോൾ ബോർഡ്,അഗ്നിസുരക്ഷാവകുപ്പ് മുതലായ വകുപ്പുകളുടെ മുൻകൂർ അനുമതി ഇല്ലാതെയാണ് ശ്മശാനനിർമ്മാണപ്രവൃത്തികൾ നടത്തിയിട്ടുള്ളത്.ഇപ്രകാരം സർക്കാർ വകുപ്പുകളിൽ നിന്നുള്ള മുൻകൂർ അനുമതി ലഭിക്കാതെ പ്രവൃത്തികൾ ആരംഭിച്ചത് ക്രമപ്രകാരമല്ല.നിലവിൽ പരമ്പരാഗതശ്മശാനമുള്ള സ്ഥലത്താണ് ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതെന്നും ആയതിനാലാണ് പ്രത്യേക അനുമതി വാങ്ങാതിരുന്നതെന്ന മറുപടി അംഗീകരിക്കുന്നില്ല.

2022-23 സാമ്പത്തിക വർഷത്തിലും ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ ക്രിമറ്റോറിയം പ്രവൃത്തികൾക്ക് വേണ്ടിയുള്ള 1095287 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനും ക്രിമറ്റോറിയം നിർമ്മാണത്തിന് ആവശ്യമായ എല്ലാ അനുമതികളും ഉറപ്പാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് വിവരങ്ങളും ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങളും തമ്മിലുള്ള വ്യത്യാസം-ക്രമപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

2022-23 വർഷം വി.ഇ.ഒ നിർവഹണം ചെയ്ത താഴെ പറയുന്ന പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ / പേര് | 204/അതിദാരിദ്രരുടെ ലിസ്റ്റിൽപ്പെട്ടവരുടെ വീട് റിപ്പയർ | 134/ലൈഫ് പദ്ധതി ജനറൽ |
|---|---|---|
| അടങ്കൽ | ₹800000 വികസനഫണ്ട് (പൊതു വിഭാഗം)<br>₹100000 ബ്ലോക്ക് പഞ്ചായത്ത്<br>ആകെ- ₹900000 | ₹3550000 വികസനഫണ്ട് (പൊതു വിഭാഗം)<br>₹10000000 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹2000000 ബ്ലോക്ക് പഞ്ചായത്ത്<br>₹2000000 ജില്ലാപഞ്ചായത്ത്<br>₹22000000 മറ്റുള്ളവ<br>ആകെ- ₹39550000 |
| ചെലവ് | ₹ 200000 വികസനഫണ്ട് (പൊതു വിഭാഗം) | ₹3550000 വികസനഫണ്ട് (പൊതു വിഭാഗം)<br>₹700000 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹160000 ബ്ലോക്ക് പഞ്ചായത്ത്<br>₹1500000 ജില്ലാപഞ്ചായത്ത്<br>ആകെ- 5910000 |

അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ടവരുടെ വീട് റിപ്പയർ പദ്ധതി ഗുണഭോക്താവായ അമാനത്ത് മുക്രീരകത്ത് ഷമീം എന്നവർക്ക് 22191052010701473635/25.3.23 പ്രകാരം അനുവദിച്ച ഒന്നാം ഗഡു തുകയായ 50000 (വികസനഫണ്ട്

ജനറൽ വിഹിതം) , ലൈഫ് ഭവന പദ്ധതി പദ്ധതി ഗുണഭോക്താവായ ഒ.കെ നാരായണി എന്നവർക്ക് 221910520135013599941/15.3.23 പ്രകാരം അനുവദിച്ച ഒന്നാം ഗഡു തുകയായ 40000 (ജില്ലാപഞ്ചായത്ത് വിഹിതം) എന്നീ തുകകൾ ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് വിവരങ്ങളും ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങളും തമ്മിലുള്ള വ്യത്യാസം കാരണം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല.അക്കൗണ്ട് നമ്പർ, ഐ എഫ് എസ് സി കോഡ് എന്നിവ തെറ്റായതിനാലോ മറ്റെന്തെങ്കിലും കാരണത്താലോ ഗുണഭോക്താവിന് അനുവദിച്ച തുക റിട്ടേൺ ആകുകയാണെങ്കിൽ ആയത് ട്രഷറി E-POC സസ്പെൻസ് അക്കൗണ്ടിലേക്ക് ലഭ്യമാകുകയും ആയത് അക്കൗണ്ട് കറക്ഷൻ നടത്തി ഗുണഭോക്താവിന്റെ ശരിയായ അക്കൗണ്ടിലേക്ക് തുക കൈമാറി നൽകാവുന്നതുമാണെന്ന് ട്രഷറി ഡയറക്ടറുടെ 08-12-2020 തീയതിയിലെ TRY/1209/2020-E1 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. തുക റിട്ടേൺ ആയി 30 ദിവസത്തിനകം അക്കൗണ്ട് കറക്ഷൻ നടത്തി ശരിയായ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ലായെങ്കിൽ പ്രസ്തുത ബില്ലിന്റെ കാര്യത്തിൽ അതാത് ശീർഷകത്തിലേക്ക് തിരികെ വരവ് വെയ്ക്കുന്നതാണെന്നും, തുക റിട്ടേണാവുകയാണെങ്കിൽ 30 ദിവസത്തിന് മുൻപായി ആയത് ശരിയായ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ സൂചിപ്പിച്ചിരുന്നു. പ്രസ്തുത നടപടിക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് 22.12.23 ന് നൽകിയ 47ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി ആയി അനുവദിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൃത്യമായി ക്രെഡിറ്റ് ആയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ആയതിനാൽ ഗുണഭോക്താവിന് സബ്സിഡി ലഭിച്ചു എന്നുറപ്പു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ഹോമിയോ ഡിസ്പെൻസറികളിലേക്ക് (ആയുഷ് പി.എച്ച്.സി) മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 149154 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഹോമിയോ ഡിസ്പെൻസറിയിലേക്ക് (ആയുഷ് പി.എച്ച്.സി) മരുന്ന് വാങ്ങുന്നതിന് ₹400000 താഴെപ്പറയും പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്(Homco Ltd) കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രൊജക്ട് നമ്പർ / പേര് | 21/23 ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ (ആയുഷ് പി.എച്ച്.സി) |
| അടങ്കൽ | ₹400000 മെയിന്റനൻസ് ഫണ്ട് ( റോഡിതരം) |
| ബിൽ നമ്പർ/ തീയ്യതി/തുക (ACR പ്രകാരം) | 73/12.10.22/₹400000 |

മേൽ ബിൽ പ്രകാരം നൽകിയ ₹400000 യിൽ ₹200000 ഹോമിയോ ഡിസ്പെൻസറി (ആയുഷ് പി.ച്ച്.സി) അരവഞ്ചാലിലേക്കും , ₹200000 ഹോമിയോ ഡിസ്പെൻസറി (ആയുഷ് പി.ച്ച്.സി) പൊന്നംവയലിലേക്കും മരുന്നുകൾ വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ഹോമിയോ ഡിസ്പെൻസറി (ആയുഷ് പി.ച്ച്.സി) പൊന്നംവയലിന് മുഴുവൻ മരുന്നുകളും (₹200000) ലഭ്യമായിട്ടുണ്ട്. ഹോമിയോ ഡിസ്പെൻസറി (ആയുഷ് പി.ച്ച്.സി) അരവഞ്ചാലിന് 200000 രൂപയിൽ 50846 രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ₹149154 യുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. തുക മുൻകൂറായി നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് 20.12.23 ന് നൽകിയ 27ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 149154 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിൽ എടുത്തതിന്റെ വിവരം അറിയിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ബാലസഭ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ₹ 9520തടസ്സപ്പെടുത്തുന്നു.

ബാലസഭ എന്ന പ്രോജക്ടിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ.യു.പി.സ്കൂൾ പോത്താംകണ്ടം. |
| പ്രോജക്ട് | 139/23, ബാലസഭ. |

| | |
|---|---|
| നം,പേര് | |
| അടങ്കൽ | ₹40000(വികസന ഫണ്ട് ) |
| ചെലവ് | ₹25520(വികസന ഫണ്ട് ) |
| ബിൽ നം/തീയ്യതി/തുക | 22191052012601534403/28.3.2023 /₹25520. |

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ-തീയ്യതി.28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖ(ഖണ്ഡിക 7.7.10(1)-ൽ ബാലസഭാ പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000രൂപയാണ് നൽകേണ്ടത്. ഇതുപ്രകാരം 16 വാർഡുകൾ ഉള്ള പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിന് ബാലസഭാ പ്രവർത്തനങ്ങൾക്കായി ആകെ ചെലവഴിക്കാവുന്ന തുക 16000 രൂപയാണ്. 18.2.2023-ന് ബാലസഭ പരിപാടിയുടെ ഭാഗമായി ബിൽ നമ്പർ 22191052012601534403/28.3.2023 ഉൾപ്പെട്ട 25520രൂപ ചെലവഴിച്ചിട്ടുണ്ട്. 9520രൂപ അധികമായി ചെലവഴിച്ചതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/2022-23/20.12.2023) മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്ത് തലത്തിൽ സംഘാടക സമിതി വിളിച്ച് ചേർത്ത് മികച്ച നിലയിൽ പഞ്ചായത്തുതല ബാലസഭ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് 9520രൂപ അധികം ചെലവഴിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. അധികമായി ചെലവഴിച്ച 9520/- രൂപ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- വാങ്ങൽ ചട്ടങ്ങൾ പാലിക്കുന്നതിൽ അപാകത

രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 140/23, രജിസ്റ്റേഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം. |
| അടങ്കൽ | ₹42000(വികസന ഫണ്ട്) |
| ചെലവ് | ₹34370(വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി/തുക | 22191052012601534372/28.3.2023 /₹34370. |

8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ-പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000രൂപയ്ക്ക് മുകളിലും 100000രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും,100000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പദ്ധതിയുടെ ഭാഗമായി SPORTS WING -പാടിയോട്ട്ചാൽ എന്ന സ്ഥാപനത്തിൽ നിന്ന് 17.3.2023-ലെ Invoice.No.23-24/B2C/F-105 പ്രകാരം 34370 രൂപ ചെലവഴിച്ച് സ്പോർട്സ് ഉപകരണങ്ങൾ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ വാങ്ങിച്ചതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/2022-23/20.12.2023) വിദ്യാഭ്യാസ പ്രൊജക്ടുകളുടെ ആധിക്യം കൊണ്ടും,അറിവില്ലായ്മകൊണ്ടുമാണ് ലിമിറ്റഡ് ടെണ്ടർ വിളിക്കാതെ ക്വട്ടേഷൻ മുഖേന സാധനങ്ങൾ വാങ്ങിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ മുഖാന്തിരം സാധനങ്ങൾ വാങ്ങിച്ചത് ഭാവിയിൽ ചട്ടങ്ങൾ പാലിച്ച് മാത്രമേ പ്രോജക്ട് നടപ്പിലാക്കുകയുള്ളൂ എന്ന കാര്യം ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-36 കേരളോത്സവം -പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ.

കേരളോത്സവം എന്ന പ്രോജക്ടിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 200/23 കേരളോത്സവം |
| അടങ്കൽ ₹150000 | ₹100000(വികസനഫണ്ട്) |

| | |
|---|---|
| | ₹50000(തനത് ഫണ്ട്) |
| ചെലവ് ₹150000 | ₹100000(വികസനഫണ്ട്)<br>₹50000(തനത് ഫണ്ട്) |
| ബിൽ നമ്പർ/വൗച്ചർനം/തീയതി/തുക | (1)2219105201260091 8245/16.12.2022/49755.<br>(2)2219105201260088 8001/9.12.2022/18140.<br>(3)2219105201260088 7991/9.12.2022/10285.<br>(4)2219105201260088 7995/9.12.2022/20330.<br>(5)22200721/30.12.2022/27000.<br>(6)22200728/4.1.2023/23000.<br>(7)2219105201260097 2516/27.12.2022/1490. |

1.പദ്ധതിയുടെ ഭാഗമായി SPORTS VILLAGE -പെരിങ്ങോം എന്ന സ്ഥാപനത്തിൽ നിന്ന് 20330 രൂപ ചെലവഴിച്ച് സ്പോർട്സ് അനുബന്ധ സാധനങ്ങൾ വാങ്ങിച്ചപ്പോൾ ക്വട്ടേഷൻ നടപടി ക്രമങ്ങൾ സ്വീകരിക്കാത്തതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയുടെ ഭാഗമായി വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.പദ്ധതിയുടെ ഭാഗമായി SPORTS VILLAGE -പെരിങ്ങോം എന്ന സ്ഥാപനത്തിൽ നിന്ന് 12.11.2022-ലെ ബിൽ നം.344 പ്രകാരം വാങ്ങിച്ച 3649 രൂപ വിലയുള്ള 3 ഫുട്ബോൾ,414രൂപ വിലയുള്ള 2 സൈഡ് ഫ്ലാഗ്,ബിൽ നം.339 പ്രകാരം വാങ്ങിച്ച 700രൂപ വിലയുള്ള നെറ്റ്, 10.11.2022-ലെ ബിൽ നം.343 പ്രകാരം വാങ്ങിച്ച 2250 രൂപ വിലയുള്ള 5 ക്രിക്കറ്റ് ബോൾ ബോക്സ്,1150 രൂപ വിലയുള്ള 1 ക്രിക്കറ്റ് ബാറ്റ്,900രൂപ വിലയുള്ള 2 ക്രിക്കറ്റ് സ്റ്റമ്പ് സെറ്റ് എന്നീ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും ,വിതരണം ചെയ്തവ തിരിച്ചേൽപ്പിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.21/2022-23/20.12.2023) ഓരോസംഘാടക സമിതിയും നടത്തിയ ഗെയിമുകൾക്ക് വേണ്ട സാധനങ്ങൾ അതാത് ക്ലബ്ബുകൾ വാങ്ങിയതിനാൽ വ്യത്യസ്ത തീയ്യതികളിലുള്ള നാലു ബില്ലുകളിലായാണ് 20330 രൂപ അനുവദിച്ചിട്ടുള്ളതെന്നും ആയതുകൊണ്ടാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതിരുന്നതെന്നും ,വിവിധ മൽസരങ്ങൾക്കായി വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ മൽസര ശേഷം ഉപയോഗയോഗ്യമല്ലാത്തതിനാൽ അവ തിരികെ വാങ്ങിയിരുന്നില്ല എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.മൽസരത്തിനുള്ള ക്രിക്കറ്റ് ബാറ്റ്,വോളിബോൾ നെറ്റ് മുതലായ സ്പോർട്സ് സാധനങ്ങൾ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നിന്ന് കേരളോൽസവത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങിക്കുമ്പോൾ വാങ്ങൽ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതും, വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യേണ്ടതും വിതരണം ചെയ്തവ തിരിച്ചേൽപ്പിച്ചതിന്റെ രേഖകളും സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി താഴെ പരാമർശിച്ച 16.3.2023-ലെ ബിൽ നമ്പറിൽ നിന്ന് 900000രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 71901140 0000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ. |
| പ്രോജക്ട് നമ്പർ, പേര് | 70/23, കന്നുകുട്ടി പരിപാലന പദ്ധതി |

| | |
|---|---|
| അടങ്കൽ ₹1800000 | ₹900000 (വികസന ഫണ്ട് -ജനറൽ)<br>₹900000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് ₹1800000 | ₹900000(വികസന ഫണ്ട് -ജനറൽ)<br>₹900000 (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ബിൽ നം/തീയ്യതി/തുക. | 22191052012301366628/16.3.2023 /₹900000. |

പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/2022-23/ 21.12.2023) പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന 72-പേരിൽ 5 പേർ ഇപ്പോൾ ഉടരുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിന് ആനുപാതികമായ തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-38 പാടിയോട്ട്ചാൽ വെറ്റിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -രേഖകൾ ഹാജരാക്കിയിട്ടില്ല ₹94564 തടസ്സപ്പെടുത്തുന്നു.

പാടിയോട്ട്ചാൽ വെറ്റിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ. |
| പ്രോജക്ട് നമ്പർ, പേര് | 186/23, പാടിയോട്ട്ചാൽ വെറ്റിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹100000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹94564(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം/തീയ്യതി/തുക. | 22191052012300618087/7.10.2022 /₹94564. |

(എ)മേൽ പദ്ധതിയുടെ ഭാഗമായി 94564രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്ന് വാങ്ങിച്ച Laptop-ന്റെയും Desk Top-ന്റെയും Tax Invoice ഹാജരാക്കിയിട്ടില്ല.

(ബി) പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്ന് വാങ്ങിച്ച Laptop, Desk Top എന്നിവ സ്റ്റോക്കിലെടുത്തതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/2022-23/21.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 94564 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- വാങ്ങൽ നടപടി ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച

മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ. |
| പ്രോജക്ട് നമ്പർ, പേര് | 141/23,മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹50000(വികസന ഫണ്ട് |

| | |
|---|---|
| | -ജനറൽ) |
| ചെലവ് | ₹50000(വികസന ഫണ്ട് -ജനറൽ) |
| ബിൽ നം/തീയ്യതി/തുക. | 22191052012300837391/29.11.2022 /₹50000. |

8.11.2010-ലെ ജി.ഒ (പി) നം.259/2010/ത.സ്വ.ഭ.വ-പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000രൂപയ്ക്ക് മുകളിലും 100000രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 100000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി A ONE ENGINEERING WORKS -കാസറഗോഡ് എന്ന സ്ഥാപനത്തിൽ നിന്ന് 50000രൂപ ചെലവഴിച്ച് COW LIFTER ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ വാങ്ങിച്ചതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/2022-23/21.12.2023) ഗുണനിലവാരമുള്ള സാധനങ്ങൾ വിലകുറച്ച് ലഭിക്കുന്നതിനു വേണ്ടിയാണ് ക്വട്ടേഷൻ ക്ഷണിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ മുഖാന്തിരം സാധനങ്ങൾ വാങ്ങിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ ഭാവിയിൽ വാങ്ങൽ ചട്ടങ്ങൾ പാലിച്ച മാത്രമാണ് പ്രോജക്ട് നടപ്പിലാക്കുന്നത് എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-40 അങ്കണവാടി പോഷകാഹാര വിതരണം - ജി എസ് ടി-ടി ഡി എസ് കുറവ് വരുത്തിയിട്ടില്ല.

അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുകയുണ്ടായി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്ട് നം., പേര് | 17/23, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ ₹5490667 | ₹3890667 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹1500000 കേന്ദ്രാവിഷ്കൃതഫണ്ട്<br>₹100000 ബ്ലോക്ക് പഞ്ചായത്ത് |
| ചെലവ് ₹4318113 | ₹3869612 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹348501 കേന്ദ്രാവിഷ്കൃതഫണ്ട്<br>₹100000 ബ്ലോക്ക് പഞ്ചായത്ത് |
| ബിൽ നം./തീയതി/തുക ( ACR പ്രകാരം) | 47/10.8.22/960025<br>90/28.10.22/440924<br>112/25.11.22/1069937<br>212/9.2.23/1398726<br>5110601101220027/28.3.23/6004 (റിക്വസിഷൻ നമ്പർ)<br>5110601101220022/24.3.23/342497 (റിക്വസിഷൻ നമ്പർ)<br>22191052010901070322/20.1.23/100000 ബിൽ റഫറൻസ് നമ്പർ) |

(എ)സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പെരിങ്ങോംവയക്കര ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്കായി കൈരളി ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ ബില്ലിൽ നിന്നും ടി.ഡി.എസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | അളവ് (കി.ഗ്രാം) | തുക(രൂപ) (70/കി ഗ്രാം + 5% ജി എസ് ടി) |
|---|---|---|
| 44/30.3.23 | 2045.250 | 150326 |
| 5/3.4.22 | 1849.500 | 135938 |
| 119/21.6.22 | 1782 | 130709 |
| 122/21.7.22 | 1788.750 | 131473 |
| 125/19.8.22 | 1761.750 | 128488 |
| 129/19.9.22 | 1852.875 | 136186 |
| 132/14.10.22 | 1923.750 | 141395 |
| 133/8.11.22 | 1964.250 | 144374 |
| 138/6.12.22 | 1863 | 136930 |
| 140/6.1.23 | 1940.625 | 142635 |
| 142/1.2.23 | 1981.125 | 145612 |
| 148/2.3.23 | 2001.375 | 147101 |
| ആകെ | 22754.25 | 1671167 |

മേൽ തുകയിൽ നിന്നും (1671167 രൂപ) ടി.ഡി.എസ് നടത്താതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതിന് 20.12.23 ന് നൽകിയ 29ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് സ്ഥാപനം കൃത്യമായി ജി.എസ്.ടി റിട്ടേൺ സമർപ്പിക്കുന്ന സ്ഥാപനമാണ് ആയതിനാലാണ് ടി.ഡി.എസ് കുറവ് ചെയ്യാതിരുന്നതെന്നാണ് അറിയിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ അമൃതം ന്യൂട്രിമിക്സിന്റെ ബില്ലിൽ നിന്നും ടി.ഡി.എസ് ഈടാക്കേണ്ടതാണ്.

## 1-41 സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹31730 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ സ്ത്രീ പദവിയെ കുറിച്ച് പഠനം നടത്തുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 106/23 സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹100000 വികസന ഫണ്ട് |
| ചെലവ് | ₹ 31730 വികസന ഫണ്ട് |
| ബിൽ നം/തീയതി/തുക ( A.C.R പ്രകാരം) | 313/ 28-03-2023/13530<br>315/ 28-03-2023/18200 |

സ.ഉ(കൈ)നം84/2022/ത.സ്വ.ഭ.വ തീയതി 19.04.22 ഖണ്ഡിക 6.3.1 ലെ നിർദ്ദേശ പ്രകാരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതിനായി വാർഡ് തല ട്രെയിനിംഗ് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി 2022-23 സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായി വാർഡ് തല പഠന സംഘങ്ങൾക്ക് പരിശീലനം നല്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബാനർ ₹500യും ക്ലാസ് എടുത്തവർക്കുള്ള പ്രതിഫലമായി ₹2250 യും ഭക്ഷണച്ചെലവ്, സ്റ്റേഷനറി എന്നിവയ്ക്ക് ₹10780 യും യാത്രാബത്ത ₹18200 (52x350) ഉൾപ്പെടെ ആകെ ₹ 31730 യാണ് ചെലവഴിച്ചത്.

പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് തല പഠന സംഘങ്ങളുടെയും തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടും സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് അക്കാദമിക് സമിതി രൂപീകരിച്ചതിന്റെയും വിവര ശേഖരണം, വിശകലനം തുടങ്ങിയ സ്ത്രീപദവി പഠന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഠനസംഘങ്ങൾ രൂപീകരിച്ചതിന്റെയും റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 20.12.23 ന് നൽകിയ 28ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്ത്രീപദവി പഠനം നടത്തി പഞ്ചായത്തിലെ സ്ത്രീകളുടെ നിലവിലെ അവസ്ഥ മനസിലാക്കി അതിനനുസരിച്ച് പദ്ധതി തയ്യാറാക്കാനാണ് ലക്ഷ്യമെന്നും 2022-23 വർഷം ഇത് സംബന്ധിച്ച് വാർഡ്തല പഠന സംഘങ്ങൾക്ക് പരിശീലനം മാത്രമാണ് നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുകയായ 31730 രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവ് ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിലെ ആയുഷ് പി.എച്ച്.സി അരവഞ്ചാൽ (ഹോമിയോ), ആയുഷ് പി.എച്ച്.സി പൊന്നംവയൽ (ഹോമിയോ) എന്നിവയുടെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട് ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുന:സംഘടിപ്പിച്ചതിന്റെയും വിവരങ്ങൾ കൂടി ലഭ്യമാക്കുന്നതിനായി 20.12.23 ന് നൽകിയ 26ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരക്കിയിട്ടില്ല. വാർഷിക കണക്കുകൾ താമസംവിനാ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 16.12.23 &18.12.23 | നം.കെ.എസ്.എ./കെ.എൻ.ആർ. /സി.1/1985/തീയതി 26.12.2023 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പയ്യന്നൂർ. | 0 | 165750 | 165750 | നെൽക്ക്യഷിക്ക് വിത്ത് വിതരണം, കൂലിച്ചിലവ് സബ്സിഡി (114/23) | 165750 | 0 |
| | 0 | 99807 | 99807 | പെയിൻ & പാലിയേറ്റീവ് കെയർ (31/23) | 99807 | 0 |
| | 0 | 549963 | 549963 | ലൈഫ് ഭവന നിർമ്മാണം -പട്ടികജാതി (136/23) | 549963 | 0 |
| | 0 | 220000 | 220000 | ലൈഫ് ഭവനപദ്ധതി- പട്ടികജാതി (SO), (33/23) | 220000 | 0 |
| | 0 | 1000000 | 1000000 | ലൈഫ് ഭവനനിർമ്മാണം – പട്ടികവർഗ്ഗം 174/23) | 1000000 | 0 |
| | 0 | 160000 | 160000 | ലൈഫ് ഭവനപദ്ധതി-ജനറൽ, (134/23) | 160000 | 0 |
| | 0 | 100000 | 100000 | അങ്കണവാടി പോഷകാഹാര പദ്ധതി (17/23) | 100000 | 0 |
| | 0 | 360000 | 360000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (25/23) | 360000 | 0 |
| | 0 | 150000 | 150000 | പട്ടികജാതി വിദ്യർത്ഥികൾക്ക് സ്കോളർഷിപ്പ് (170/23) | 150000 | 0 |
| | 0 | 150000 | 150000 | പട്ടികവർഗ്ഗ വിദ്യർത്ഥികൾക്ക് സ്കോളർഷിപ്പ് (171/23) | 150000 | 0 |
| | 0 | 442500 | 442500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (103/23) | 442500 | 0 |
| ആകെ | 0 | 3398020 | 3398020 | | 3398020 | 0 |
| കണ്ണൂർ ജില്ലാ | 0 | 34031 | 34031 | പെയിൻ & പാലിയേറ്റീവ് കെയർ (31/23) | 34031 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | 0 | 800000 | 800000 | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി (136/23) | 800000 | 0 |
| | 0 | 415000 | 415000 | ലൈഫ് ഭവനപദ്ധതി- പട്ടികജാതി (SO), (33/23) | 415000 | 0 |
| | 0 | 1800000 | 1800000 | ലൈഫ് ഭവനനിർമ്മാണം -പട്ടികവർഗ്ഗം (SO), (34/23) | 1800000 | 0 |
| | 0 | 1500000 | 1500000 | ലൈഫ് ഭവനപദ്ധതി – ജനറൽ, (134/23) | 1500000 | 0 |
| | 0 | 120000 | 120000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക ൾക്കുള്ള സ്കോളർഷിപ്പ് (25/23) | 120000 | 0 |
| | 0 | 712693 | 712693 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (103/23) | 712693 | 0 |
| ആകെ | 0 | 5381724 | 5381724 | | 5381724 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2022-23 | കെ എസ് ഇ ബി, കയ്യൂർ ഡിവിഷൻ | 15/23, തെരുവ് വിളക്ക് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | ₹900000 117/30-11-2022 (എ സി ആർ പ്രകാരം) ₹12647 22200691/ 15-12-2022 | ₹912647 | ० | ₹912647 (വിനിയോഗ സാക്ഷ്യപത്രം 2023-24 വർഷത്തിൽ ലഭിച്ചിട്ടുണ്ട്) |
| ---ടി--- | ഭൂജലവകുപ്പ്, കണ്ണൂർ. | കോരമ്പക്കല്ല് കോളനി, പയ്യങ്കാനം എസ് സി കോളനി എന്നിവിടങ്ങളിൽ കുഴൽ കിണർ ഫ്ലഷ് ചെയ്ത് ചെയ്ത് ഹാൻഡ് പമ്പ് റിപ്പയർ | 22200705 തീയതി 19-12-2022 | 40000 | 0 | 40000 |

| | | ചെയ്യൽ | | | | |
|---|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തിരിച്ചടക്കാനുള്ള വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ- കെയുആർ ഡി എഫ് സി- ലൈഫ് ഭവന നിർമ്മാണ പദ്ധതി | സ.ഉ (എം.എസ്) 68/1913 തസ്വഭവ 2018 തീയതി 13-08-2018 | 1,76,45,000 | 12497000 | 0 | ₹12497000 | ₹2525085 | 0 | ₹9971915 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 2195000 രൂപയുടെ സ്ഥിര നിക്ഷേപം/ഷെയറുകൾ നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2165000 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയറുകൾ | 30000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ചേർത്ത് പുതുക്കിയത്) | 167788 |
| ആകെ | 2362788 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം/ ഷെയറുകൾ | 2362788 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം/ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമനം. | നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി തീയതി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് നമ്പർ 4430 മെമ്പർ നമ്പർ-119തീയതി 08-05-2015 | 20000 | - | ഷെയർ |
| | കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ ഡി ക്ലാസ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 49,മെമ്പർ നമ്പർ 35 ഡി തീയതി 06-08-2015 | 10000 | - | ഷെയർ |
| | പെരിങ്ങോം സർവീസ് സഹകരണബാങ്ക് സ്ഥിരനിക്ഷേപം നമ്പർ-001001011687/sl.no.7057 /തീയതി 28-06-2022 ( W.e.f 24-04-2021) | 2332788 | 26-04-2023 | പലിശ നിരക്ക്-6.5% 05-07-2023ന് (W.e.f 26-04-2023) 2636050/-രൂപയായി പുതുക്കി.കാലാവധി തീയതി 26-04-2024 (12 Months),പലിശനിരക്ക്-8.25% |
| | ആകെ | 2362788 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2022-23വർഷത്തിൽ ലഭിച്ച തുകയുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2008-09 | Para 2-3(2) | 2500 | മാനേജർ,മാവേലി സ്റ്റോർ,അരവഞ്ചാൽ | 1220105749/03.02.2023 |
| | ആകെ | | 2500 | | |

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ഓഡിറ്റ് ഒബ്ജക്ഷൻ /ഓഡിറ്റ് റിക്കവറിയിനത്തിലെ തുകകൾ സംബന്ധിച്ച് പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-6 | 2007-08 | 3-1 | നിക്ഷേപപ്രവൃത്തികൾ നടപടികൾ | 2888/പ്രോഡക്ട്സ് /അനർട്ട്/2012 |

| | | | | | |
|---|---|---|---|---|---|
| | | | | പാലിക്കാതെ നടപ്പിലാക്കിയത്. | തീയതി 29-08-2016 പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്. പരാമർശം തീർപ്പാക്കിയതായി വിവരം ലഭ്യമായിട്ടില്ല. |
| 2020-21 | അനുബന്ധം 2 | 2019-20 | 1-23,1-24,1-25 | മെഡിക്കൽ ഓഫീസർമാർ നടപ്പിലാക്കിയ പദ്ധതികൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹51815598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹39892022 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹2000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 2122057 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹1000 | ശ്രീമതി.മഞ്ജുഷ പി വി കെ , സെക്രട്ടറി (₹500)<br>ശ്രീ.അനിൽ കുമാർ പാടാച്ചേരി, സെക്രട്ടറി ഇൻ ചാർജ് (₹500) |
| 1-19 | ₹1000 | ശ്രീമതി.മഞ്ജുഷ പി വി കെ , സെക്രട്ടറി |
| ആകെ | ₹2000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | ₹178000 | ശ്രീമതി.മഞ്ജുഷ പി വി കെ , സെക്രട്ടറി (₹130000)<br>ശ്രീ.അനിൽ കുമാർ പാടാച്ചേരി, സെക്രട്ടറി ഇൻ ചാർജ് (₹48000) |
| 1-26 | ₹181626 | ശ്രീമതി.മഞ്ജുഷ പി വി കെ, സെക്രട്ടറി |

| | | |
|---|---|---|
| 1-28 | ₹100000 | ശ്രീ.അനിൽ കുമാർ പാടാച്ചേരി, സെക്രട്ടറി ഇൻ ചാർജ് |
| 1-29 | ₹177000 | ശ്രീ.അനിൽ കുമാർ പാടാച്ചേരി, സെക്രട്ടറി ഇൻ ചാർജ് |
| 1-30 | ₹105176 | ശ്രീമതി.മഞ്ജുഷ പി വി കെ, സെക്രട്ടറി |
| 1-31 | ₹1095287 | രാജേഷ് എം.കെ, അസിസ്റ്റന്റ് എൻജിനീയർ. |
| 1-33 | ₹149154 | ഡോ.മഞ്ജുഷ.എൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-34 | ₹9520 | ശ്രീ.ഐ.സി ശ്രീകുമാർ, ഹെഡ്മാസ്റ്റർ |
| 1-38 | ₹94564 | ഡോ.ജോസഫ്.പി.എം, വെറ്ററിനറി സർജ്ജൻ |
| 1-41 | ₹31730 | ശ്രീമതി ലീന.കെ.കെ, ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | ₹ 2122057 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-13,1-14,1-17,1-18,1-20,1-21,1-22,1-23 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മഞ്ജുഷ.പി.വി.കെ,സെക്രട്ടറി. | ഇന്റേർണൽ വിജിലൻസ് ഓഫീസർ,ജോയന്റ് ഡയരക്ടർ ഓഫീസ്,എൽ എസ് ജി ഡി,കാസർഗോഡ്. | ജ്യോതിസ്, തെക്കമ്പാട്, എളമ്പച്ചി(പി.ഒ), കാസർഗോഡ് ജില്ല. |
| അനിൽ കുമാർ പാടാച്ചേരി,അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്. | കണ്ടങ്കാളി, പയ്യന്നൂർ പി.ഒ,കണ്ണൂർ ജില്ല. |
| രാജേഷ് എം.കെ,അസിസ്റ്റന്റ് എൻജിനീയർ. | അസി എഞ്ചിനിയർ, തളിപ്പറമ്പ ബ്ളോക്ക് പഞ്ചായത്ത് | ശിവക്ഷേത്രത്തിന് സമീപം, കാങ്കോൽ പി.ഒ, കണ്ണൂർ ജില്ല. |
| ഡോ.മഞ്ജുഷ.എൻ,മെഡിക്കൽ ഓഫീസർ,ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദം, പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്. | ഹരിത, കണ്ടോത്ത് (പി.ഒ), കാസർഗോഡ് ജില്ല. |
| ശ്രീ.ഐ.സി ശ്രീകുമാർ,ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി യു പി എസ്, പോത്താംകണ്ടം | മാത്തിൽ, മാത്തിൽ പി ഒ, കണ്ണൂർ ജില്ല. |

| | | |
|---|---|---|
| ഡോ.ജോസഫ്.പി.എം,വെറ്ററിനറി സർജ്ജൻ | വിരമിച്ചു. | പെരുമ്പള്ളിൽ ഹൗസ് പാടിയോട്ടുചാൽ പി.ഒ, കണ്ണൂർ ജില്ല. |
| ശ്രീമതി ലീന.കെ.കെ,ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, പയ്യന്നൂർ അഡീഷണൽ | മാവില ഹൌസ്, വെള്ളൂർ പി.ഒ, പയ്യന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 (അദാലത്ത് റിപ്പോർട്ട്) | 1 |
| 1999-2000 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 2 |
| 2000-01 (പദ്ധതിയേതരം) | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 1 |
| 2001-02(പദ്ധതി) | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 1 |
| 2002-03 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 1 |
| 2003-04 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 1 |
| 2005-06 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 3 |

| | | |
|---|---|---|
| 2006-07 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 2 |
| 2007-08 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 2 |
| 2008-09 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 6 |
| 2011-12,12-13 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 2 |
| 2015-16 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 1 |
| 2016-17 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 2 |
| 2017-18 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 1 |
| 2018-19 | കെ എസ് എ /കെ എൻ ആർ /സി1/1329/22 തീയതി 22.09.22 | 6 |
| 2019-20 | കെ എസ് എ /കെ എൻ ആർ /സി1/59/22 തീയതി 18.05.22 | 19 |
| 2020-21 | കെ എസ് എ /കെ എൻ ആർ /സി1/1613/22 തീയതി 09.01.23 | 17 |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.1/723/2023 തീയതി 30.06.23 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 213/2023 dated 14-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Peringome Vayakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Peringome Vayakkara Grama Panchayat for the year 2022-2023

Date: 26/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Peringome Vayakkara Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2.The following mandatory financial statements such as , Ratios, comparitive amounts for the preceding year ,Notes to Account,prescribed in 2011 kerala panchayat raj accounting rules are not submitted for audit.

3.Distress relief fund shown in B-2 Schedule differs from B-17 schedule.

4.Details of amount/- sanctioned to KSEB (Rs.912647) and Ground Water Department (40000) as part of various deposit

works during the audit year have not been included under the relevant head in B-18 schedule of Balance Sheet.

5.Asset register has not been updated

6.The actual amount of investment is not included in B-12 schedule.

7.Expenditure amount of Finance Commission award as per Sulekha Expenditure Statement (8342101) and as per Annual Finance statement (8114391) do not match.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Peringome Vayakkara Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22271671.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1522820.00 |
| 140000000 | Fees & User Charges | RP-4 | 824503.00 |
| 150000000 | Sale & Hire Charges | RP-5 | 567296.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14704000.00 |
| 171000000 | Interest Earned | RP-9 | 543577.00 |
| 190000000 | Prior Period Income | RP-11 | 163507.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 296311.00 |
| 311000000 | Earmarked Funds | RP-28 | 22925.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 23986748.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8041123.00 |
| 460000000 | Loans, Advances and Deposits | RP-49 | 8000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 46707.00 |
| 340000000 | Deposits Received | RP-33 | 141335.00 |
| 350000000 | Other Liabilities | RP-35 | 946746.00 |
| | Grand total | | 74087269.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 276985.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1950.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3166440.00 |
| 460000000 | Loans, Advances and Deposits | RP-49 | 638219.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 34471.00 |
| 350000000 | Other Liabilities | RP-35 | 35773957.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 34195247.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 74087269.00 |

## Annex3-2

# ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Peringome Vayakkara Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7380196.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 774500.00 |
| 140000000 | Fee & User Charges | I-4 | 1224240.00 |
| 150000000 | Sale & Hire Charges | I-5 | 580077.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 215734492.00 |
| 170000000 | Income from Investments | I-7 | 151631.00 |
| 171000000 | Interest Earned | I-8 | 543577.00 |
| 180000000 | Other Income | I-9 | 74917.00 |
| 190000000 | Prior Period Income | I-19 | 9972771.00 |
| | Total Income | | 226463630.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 15470313.00 |
| 220000000 | Administrative Expenses | I-11 | 1225844.00 |
| 230000000 | Operations & Maintenance | I-12 | 1258607.00 |
| 240000000 | Interest & Finance Charges | I-13 | 1506.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12213393.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 39130244.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2303772.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 56864700.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 69898100.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1469282.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 3812.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 25729420.00 |
| | Total Expenditure | | 225568993.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | 894637.00 |
| | Gross Surplus / Deficit of income over Expenditure | | 10578260.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -289148.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 9683623.00 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Peringome Vayakkara Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -11049381.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 28442.00 |
| 312000000 | Reserves | B-3 | 130380833.00 |
| | Total Reserve & Surplus | | 119359894.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21976980.00 |
| | Total Grants, Contributions for Specific Purposes | | 21976980.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9971915.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 9971915.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1511294.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3191483.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 4702777.00 |
| | TOTAL LIABILITIES | | 156011566.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2763848.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1482126.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19202564.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 197443900.00 |
| 416000000 | Accumulated Depreciation | B-11(a) | -108822844.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 112069594.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 2471876.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 2471876.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3519710.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 34195247.00 |
| 460000000 | Loans, Advances and Deposits | B-18 | 3755139.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 41470096.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 156011566.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.